**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വെന്റിലേറ്റർ യൂണിറ്റുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ എത്ര വെന്റിലേറ്റർ യൂണിറ്റുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | **1. ഐ.സി.യു വെന്റിലേറ്ററുകൾ - 14**<br>**2. പോർട്ടബിൾ വെന്റിലേറ്ററുകൾ -5**<br>**3. P B 560 Transport Alpha Plus Ventilator -2**<br>**4. C-Pap Ventilator -3**<br>**5. Bi Pap Ventilator -2**<br>Total -26 |
| (ബി) | ഇവ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇവ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കോവിഡ് കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ വെന്റിലേറ്റർ സേവനം ലഭ്യമായിരുന്ന പ്രധാന സ്ഥാപനങ്ങളിൽ ഒന്നായിരുന്നു ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രി. നിലവിൽ വെന്റിലേറ്റർ പരിചരണം ആവശ്യമുള്ള രോഗികൾക്ക് രോഗ തീവ്രതയനുസരിച്ച് ഈ സൗകര്യം നൽകാൻ ചാലക്കുടി ആശുപത്രി സജ്ജമാണ്. കൂടാതെ ഡെലിവറി, ശസ്ത്രക്രിയാനന്തര അത്യാഹിത ഘട്ടങ്ങളിലും ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. വെന്റിലേറ്റർ ഉപയോഗിക്കാത്ത സാഹചര്യത്തിൽ ദിവസേന അവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുകയും അതതു കമ്പനികൾ മുഖാന്തിരം മെയിന്റനൻസ് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ദീർഘകാലം ഇവ പ്രവർത്തിപ്പിക്കാത്തതു മൂലം കേടുപാടുകൾ ഉണ്ടാകുവാനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ? | (സി) | കോവിഡ് കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ വെന്റിലേറ്റർ സേവനം ലഭ്യമായിരുന്ന പ്രധാന സ്ഥാപനങ്ങളിൽ ഒന്നായിരുന്നു ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രി. നിലവിൽ വെന്റിലേറ്റർ പരിചരണം ആവശ്യമുള്ള രോഗികൾക്ക് രോഗ തീവ്രതയനുസരിച്ച് ഈ സൗകര്യം നൽകാൻ ചാലക്കുടി ആശുപത്രി സജ്ജമാണ്. കൂടാതെ ഡെലിവറി, ശസ്ത്രക്രിയാനന്തര അത്യാഹിത ഘട്ടങ്ങളിലും ഈ സൗകര്യം ഉപയോഗിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിയും. വെന്റിലേറ്റർ ഉപയോഗിക്കാത്ത സാഹചര്യത്തിൽ ദിവസേന അവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുകയും അതതു കമ്പനികൾ മുഖാന്തിരം മെയിന്റനൻസ് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ